സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് തുടക്കമിട്ട പദ്ധതികൾ

3 (*3) ശ്രീ. രാജു എബ്രഹാം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് തുടക്കമിട്ട പുതിയ പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) ഈ വികസന പ്രവർത്തനങ്ങൾ ഓരോന്നും പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള കാലദൈർഘ്യം എത്രയാണ് ;

(സി) പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണ് ഈ കാലയളവിൽ ഉദ്ഘാടനം ചെയ്യപ്പെട്ടത് ;

(ഡി) ഓരോ ജില്ലയിലും പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത പദ്ധതികളും വികസന പ്രവർത്തനങ്ങളും വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, (എ) വിവിധ വകുപ്പുകളിലായി 141-ൽപ്പരം പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (എ) യിൽ ചേർത്തിട്ടുണ്ട്.†

(ബി) ഈ പദ്ധതികൾ 2000-2001, 2001-2002 എന്നീ വർഷങ്ങളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇതുവരെ പൂർത്തിയാക്കിയ 103 പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്, വിശദാംശം അനുബന്ധം (ബി) യിൽ ചേർത്തിട്ടുണ്ട്.†

(ഡി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (സി) യിൽ ചേർത്തിട്ടുണ്ട്.†

ശ്രീ. രാജു എബ്രഹാം : മുൻ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചില നിക്ഷിപ്ത താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ ചില പ്രദേശത്തു മാത്രം ഒതുങ്ങി നിന്നതായി ആക്ഷേപമുണ്ടായിരുന്നു. അത് മാറ്റിയെടുത്ത് സംസ്ഥാനത്തിന്റെ എല്ലാ മേഖലകൾക്കും ഗുണകരമായ പരിപാടികൾ ആവിഷ്കരിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. നായനാർ : എല്ലാ മേഖലകൾക്കും പദ്ധതി ലഭിക്കത്തക്ക വിധത്തിലും വിജയകരമാകത്തക്കവിധത്തിലും ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രവികസനമാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തോടുകൂടിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇതിനകം തുടങ്ങിയ പദ്ധതികൾ പരിശോധിച്ചാൽ ഇത് മനസ്സിലാകും. അക്കാര്യത്തെക്കുറിച്ച് പറയാം. ഉത്തരമേഖലയിൽ പാലക്കാട് ഗസ്റ്റ്ഹൗസ്, 108 പദ്ധതികളാണ്, അതിൽ

† അനുബന്ധം I (1,2,3)

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ടത് പറയാം. വയനാട്ടിലെ ടൂറിസം റോഡുകളുടെ നിർമ്മാണം, മലപ്പുറത്ത് സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ഇടരിക്കോട് ടെക്സ്റ്റയിൽസ് നവീകരണം, കോഴിക്കോട് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നടപ്പിലാക്കുന്ന ടെക്സ്റ്റയിൽ പദ്ധതി, പാലക്കാട് ആലത്തൂർ ഫയർ സ്റ്റേഷൻ, പൊന്നാനി ഫിഷിംഗ് ഹാർബർ, പാലക്കാട് അട്ടപ്പാടിയിലെ ഹെൽത്ത് പ്രോജക്റ്റ് കെട്ടിടം, വടകര എൻജിനീയറിംഗ് കോളേജ്, കണ്ണൂർ മട്ടന്നൂരിലെ ജില്ലാ റൂറൽ ട്രഷറി. വയനാട് പച്ചക്കറി ശീതീകരണശാല, പാലക്കാട് പോളിടെക്നിക് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, കോഴിക്കോട് ജില്ലയിലെ മില്ലേനിയം - അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്. 108 എണ്ണത്തിൽ ഓരോ മേഖലയിലേയും ചുരുക്കം കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു. മദ്ധ്യമേഖല: കാലടിയിൽ ടൂറിസ്റ്റ് കോംപ്ലക്സ്, ബോൾഗാട്ടിയിലും കുമരകത്തും ടൂറിസ്റ്റ് ആയുർവേദ സെന്റർ, കോട്ടയം ടെക്സ്റ്റൈൽസ്, പ്രഭുറാം മിൽസ് നവീകരണം, തൃശ്ശൂരിൽ പ്രിന്റിംഗ് പ്രസ്, നഴ്സിംഗ് കോളേജ്, പട്ടികജാതി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഫിഷറീസ് ട്രെയിനിംഗ് സെന്റർ, എറണാകുളത്തും കോട്ടയം ജില്ലയിലെ പൂഞ്ഞാറിലും ഈരാറ്റുപേട്ടയിലും ചെക്ക് ഡാം. കൊച്ചി കോർപ്പറേഷനിൽ 50 വാർഡുകളെ കേന്ദ്രീകരിച്ച് കൺസ്യൂമർ സംഘം, എറണാകുളത്ത് പച്ചക്കറി ശീതീകരണശാല, കോട്ടയത്ത് ദന്തൽ കോളേജ്, തൃശ്ശൂരിൽ എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ എൻജിനീയറിംഗ് കോളേജ്, മിനി സിവിൽ സ്റ്റേഷൻ ചേലക്കര, തൃശ്ശൂർ-എറണാകുളം ജില്ലയിൽ പോലീസ് കമ്പ്യൂട്ടർ നെറ്റ് വർക്ക്, വിയ്യൂർ സെൻട്രൽ ജയിലിൽ പവർലൂം യൂണിറ്റ്. തെക്കൻ മേഖല : പൊൻമുടിയിൽ ടൂറിസ്റ്റ് കോംപ്ലക്സ്, പള്ളാത്തുരുത്തി - ഓതറതോട്, നെടുമുടി, വടക്കാലൻ എന്നിവിടങ്ങളിൽ ബാക്ക്വാട്ടർ റിസോർട്ടുകൾ, വേളിയിൽ അമ്യൂസ്മെന്റ് പാർക്ക്, ചിറയിൻകീഴ് താലൂക്കിൽ കയർമാറ്റ് യൂണിറ്റ്, മുതലപ്പൊഴി ഫിഷിംഗ് ഹാർബർ, പുന്നപ്ര 220 കെ.വി.സബ് സ്റ്റേഷൻ കൊല്ലം-ആലപ്പുഴ ജില്ലയിൽ പോളിടെക്നിക്കുകൾ, ആലപ്പുഴ ജില്ലയിൽ വനിതാ ശിശുക്ഷേമ വകുപ്പിന്റെ കീഴിൽ സ്റ്റെപ്പ് പദ്ധതി. കെ.എസ്.ആർ.ടി.സി. ഹഡ്കേയുടെ സഹായത്തോടെ 1200 ബസ്സുകൾ പുതുതായി ഇറക്കുന്നതിന് തുടക്കമിടുകയും 12 എണ്ണം ആദ്യഘട്ടത്തിൽ പുറത്തിറക്കുകയും ചെയ്തു. തിരുവനന്തപുരം കോർപ്പറേഷനിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ. പ്രധാനപ്പെട്ട കാര്യങ്ങൾ മൂന്നു മേഖലകളിൽ ചെയ്തിട്ടുണ്ട്. 108 എണ്ണവും വായിക്കാൻ സമയമില്ലാത്തതു കൊണ്ട് വായിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നല്കിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാരാമെഡിക്കൽ കോഴ്സുകളുടെ നിലവാരം ഉയർത്തണമെന്ന ആവശ്യം

4 (*4) ശ്രീ. എം. മുരളി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
പ്രൊഫ: സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (1)

[ചോദ്യം നമ്പർ 3(*3) (എ) യുടെ ഉത്തരത്തിൽ പറയുന്ന അനുബന്ധംഎ]

I. പൊതുഭരണ (ടൂറിസം വകുപ്പ്)

(1) പൊൻമുടിയിൽ ടൂറിസ്റ്റ് കോംപ്ലക്സ്

(2) എരുമേലിയിൽ പിൽഗ്രിം അമിനിറ്റി സെന്റർ

(3) തിരുനെല്ലിയിൽ യാത്രി നിവാസ്

(4) കനകക്കുന്നിൽ ലൈറ്റ് ആന്റ് സൗണ്ട് ഷോ

(5) മലബാറിൽ ഹൗസ് ബോട്ടുകൾ

(6) റോഡ് സൈനേജ്

(7) ബാക്ക് വാട്ടർ സൈനേജ്

(8) അഷ്ടമുടിയിൽ ഗേറ്റ്വേ സെന്റർ

(9) കാലടിയിൽ ടൂറിസ്റ്റ് കോംപ്ലക്സ്

(10) പുന്നമടയിൽ ബോട്ട് ടെർമിനൽ

(11) തണ്ണീർമുക്കത്ത് ബോട്ട് ടെർമിനൽ

(12) കുമരകത്ത് ബോട്ട് ടെർമിനൽ

(13) പള്ളാത്തുരുത്തി, കോതറത്തോട്, നെടുമുടി, വട്ടക്കായൽ എന്നിവിടങ്ങളിൽ ബാക്ക് വാട്ടർ റിസോർട്ടുകൾ

(14) തേക്കടി, മൂന്നാർ, വൈത്തിരി എന്നിവിടങ്ങളിൽ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ

(15) മണ്ണാർക്കാട്, യാത്രീനിവാസ്

(16) നാപ്പിയർ മ്യൂസിയത്തിന്റേയും ഹിൽ പാലസിന്റേയും നവീകരണം

(17) ഫോർട്ട് കൊച്ചിയുടെ സമഗ്ര വികസനം

(18) മൂന്നാറിൽ യാത്രിനിവാസ്

(19) ബോൾഗാട്ടിയിലും കുമരകത്തും ടൂറിസ്റ്റ് ആയുർവേദ സെന്റർ

(20) തേക്കടിയിൽ പരിസ്ഥിതി സൗഹൃദ ജനറേറ്റർ സംവിധാനം

(21) തേക്കടി മൂന്നാർ റോഡിന്റെ സമഗ്രവികസനം

(22) കനകക്കുന്ന് കൊട്ടാര വളപ്പിൽ സൂര്യകാന്തി ഉത്സവനഗരിയുടെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

(23) കനകക്കുന്ന് വളപ്പിൽ ലാന്റ് സ്കേപ്പിംഗ്

(24) കന്നേറ്റിയിലും ആനന്ദവല്ലീശ്വരത്തും കായലോര വിശ്രമ കേന്ദ്രം

(25) മുംബൈ കേരള ഹൗസ്

(26) പാലക്കാട് ഗസ്റ്റ് ഹൗസ്

(27) പാർക്ക് വ്യൂ ബിൽഡിംഗിന്റെ നിർമ്മാണം

(28) വേളിയിൽ അമ്യൂസ്മെന്റ് പാർക്ക്

(29) ടൂറിസം വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

(30) നീലേശ്വരത്തും പറശ്ശിനിക്കടവിലും ഹൗസ് ബോട്ടുകൾ

(31) വർക്കല റെയിൽവേ സ്റ്റേഷനിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ

(32) വയനാട്ടിൽ ടൂറിസം റോഡുകളുടെ നിർമ്മാണം

(33) കോവളത്ത് നടപ്പാതകളുടെ നിർമ്മാണം

(34) തിരുവനന്തപുരം, കൊല്ലം, വർക്കല ഗസ്റ്റുഹൗസുകളുടെ നവീകരണം.

(35) തെന്മല ഇക്കോ ടൂറിസം പദ്ധതി

2. <u>വ്യവസായ വകുപ്പ്</u>

(1) ടെക്സ്റ്റയിൽസ് കോർപ്പറേഷൻ അധീനതയിലുള്ള മലപ്പുറം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോട്ടയം ടെക്സ്റ്റയിൽസ്, പ്രഭുറാം മിൽസ് (ചെങ്ങന്നൂർ) മലപ്പുറം എടരിക്കോട് ടെക്സ്റ്റയിൽസ് എന്നിവയുടെ നവീകരണത്തിന് 32.34 കോടി രൂപയുടെ പദ്ധതി.

(2) ടെക്സ്ഫെഡ് വയനാട് പവർ ലൂം ആന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് വഴി ആദിവാസി ക്ഷേമവും വ്യവസായവും സംയോജിപ്പിച്ചു കൊണ്ട് നടപ്പിലാക്കുന്ന ടെക്സ്റ്റയിൽ പദ്ധതി.

(3) കോഴിക്കോട് ഇന്റഗ്രേറ്റ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് വഴി നടപ്പാക്കുന്ന ടെക്സ്റ്റയിൽ പദ്ധതി

(4) കശുവണ്ടി ഫാക്ടറികളുടെ നവീകരണം, കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുവാനാവശ്യമായ നടപടികൾ, പരമ്പരാഗത വ്യവസായ മേഖലയിൽ ഉൾപ്പെടുന്ന കര-കൗശല വസ്തുക്കളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

(5) ഏകജാലക പദ്ധതി

(6) കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പദ്ധതി

(7) കയറുൽപ്പന്ന നിർമ്മാണത്തിനായി എൻ.സി.ഡി.സി.യുടെ സഹായത്തോടെ 5 മാറ്റ്സ് ആന്റ് മാറ്റിംഗ്സിന്റെ നിർമ്മാണ പദ്ധതി

(8) ചിറയിൻകീഴ് താലൂക്കിൽ 248 ലക്ഷം രൂപ മുതൽ മുടക്കിൽ ഒരു കയർ മാറ്റ്സ് യൂണിറ്റ്

(9) കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനായി രണ്ട് സെൻട്രൽ സൊസൈറ്റികളുടെ രൂപീകരണം

3. മത്സ്യബന്ധനം

(1) തലായ് ഫിഷിംഗ് ഹാർബർ

(2) പൊന്നാനി ഫിഷിംഗ് ഹാർബർ

(3) മുതലപ്പൊഴി ഫിഷിംഗ് ഹാർബർ

(4) തീരദേശ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടി

(5) ഫിഷറീസ് ട്രെയിനിംഗ് സെന്റർ-കടുങ്ങല്ലൂർ (എറണാകുളം)

4. സാമൂഹ്യക്ഷേമം

(1) നിഷിൽ സ്പീച്ച് ആന്റ് ഹിയറിംഗിൽ ത്രിവത്സര ഡിഗ്രി കോഴ്സ് ആരംഭിക്കുക.

(2) തിരുവനന്തപുരത്ത് വികലാംഗരുടെ സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും നന്നാക്കുന്നതിനുമായി വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു കേന്ദ്രം ആരംഭിക്കുക.

(3) വികലാംഗ ക്ഷേമ കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ജില്ലാതല ഉല്പാദനകേന്ദ്രം തുടങ്ങുക.

(4) കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന തൊഴിൽരഹിതരായ വനിതകൾക്ക് പ്ലാസ്റ്റിക് വെൽഡിംഗ്, സ്റ്റേഷനറി നോട്ടുബുക്ക്, സ്ക്രീൻ പ്രിന്റിംഗ് എന്നീ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ഒരു ഉല്പന്ന വിപണന പദ്ധതിക്ക് കേന്ദ്രസർക്കാർ വനിതാ ശിശുക്ഷേമ വകുപ്പിന്റെ 'സ്റ്റെപ്പ്' പദ്ധതി പ്രകാരം വനിതാ വികസന കോർപ്പറേഷൻ തുടക്കമിട്ടു.

(5) തിരുവനന്തപുരം ജില്ലയിലെ അർഹരായ എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

5. ഭവനനിർമ്മാണം

(1) ഭൂ മൈത്രി പദ്ധതി

6. പട്ടികജാതി - പട്ടികവർഗ്ഗ വികസനം

(1) ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ പട്ടികജാതിക്കാർക്കും, ഇടുക്കിയിൽ ന്യൂനപക്ഷവിഭാഗങ്ങൾക്കും ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുവാൻ നടപടി.

(2) തൃശ്ശൂരിൽ ഒരു പ്രിന്റിംഗ് പ്രസ് നിർമ്മിക്കുവാനുള്ള പദ്ധതി

(3) വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക

(4) ഭൂരഹിതരും/ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പഞ്ചായത്തുകൾക്ക് 50 ശതമാനം ധനസഹായം നൽകുന്ന പദ്ധതി

(5) തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ പട്ടികജാതിക്കാർക്ക് ഓരോ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം.

(6) 20 പട്ടികജാതി കുട്ടികൾക്ക് പ്ലാസ്റ്റിക് പ്രോസസ്സിംഗിൽ സർക്കാർ ചെലവിൽ പരിശീലന പദ്ധതി.

(7) പാലക്കാട് അട്ടപ്പാടി ഹെൽത്ത് പ്രോജക് ിംഗ് സെന്ററുകൾ സബ് ഡിപ്പോകളാക്കി ഉയർത്തി.

(3) കെ.എസ്.ആർ.റ്റി.സി. ഹഡ്കോയുടെ സഹായത്തോടെ പുറത്തിറക്കുന്ന 1200 ബസ്സുകളിൽ 12 എണ്ണം ആദ്യഘട്ടമെന്ന നിലയിൽ പുറത്തിറക്കി.

(4) പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കരാർ ഉണ്ടാക്കി.

9. ജലസേചനം

(1) ചമ്രവട്ടത്തെ റഗുലേറ്റർ കം ബ്രിഡ്ജ്

(2) കോട്ടയം ജില്ലയിലെ പൂഞ്ഞാറിൽ ചെക്ക് ഡാം

(3) കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയിൽ ചെക്ക് ഡാം

(4) എറണാകുളം ജില്ലയിലെ കുറുമാശ്ശേരിയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം

(5) എറണാകുളം ജില്ലയിലെ പട്ടണം-മച്ചൻതുരുത്തിലെ സ്ലൂയിസ്

LIBRARY ARCHIVES Kerala Legislative Assembly

10. സഹകരണ വകുപ്പ്

(1) എൻ.സി.ഡി.സി.യുടെ സഹായത്തോടെ കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഐ.സി.ഡി.പി. പദ്ധതി

(2) എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ സ്വാശ്രയ ഗ്രൂപ്പ് പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാനുള്ള പദ്ധതി.

(3) വടകരയിൽ എൻജിനിയറിംഗ് കോളേജ് കെട്ടിട നിർമ്മാണം

(4) കൊച്ചി കോർപ്പറേഷനിലെ 50 വാർഡുകളുടെ ആഭിമുഖ്യത്തിൽ കൺസ്യൂമർ സംഘം രൂപീകരണ പദ്ധതി.

(5) റബ്കോയുടെ ആഭിമുഖ്യത്തിൽ റബ്ബർ തടി സംസ്ക്കരണ യൂണിറ്റ്

(6) കൺസ്യൂമർ ഫെഡറേഷന്റെ നീതി ഗ്യാസ് ഫില്ലിംഗ് യൂണിറ്റ്

(7) പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ ആയുർവേദ മരുന്നു നിർമ്മാണ ഫാക്ടറി

11. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്

മാവേലി സ്റ്റോറുകൾ ഇല്ലാത്ത 300 പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്.

12. ധനകാര്യവും എക്സൈസും വകുപ്പ്

(1) അബ്കാരി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് ഒരു ആംനസ്റ്റി സ്കീം ആവിഷ്ക്കരിച്ചു നടപ്പിലാക്കി തുടങ്ങി.

(2) കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ജില്ലാ റൂറൽ ട്രഷറി പ്രവർത്തനം ആരംഭിച്ചു.

(3) പാലക്കാട് ജില്ലയിലെ ആലത്തൂരിൽ സബ് ട്രഷറി സ്ഥാപിച്ചു.

(4) വാണിജ്യ നികുതി വകുപ്പിനായി കോഴിക്കോട് ജില്ലയിൽ നിർമ്മിച്ച ബഹു നില കെട്ടിടം ഉത്ഘാടനം ചെയ്തു.

13. കൃഷിവകുപ്പ്

(1) സംസ്ഥാനത്തു വിത്തു വികസന അതോറിറ്റി

(2) എറണാകുളം, വയനാട് ജില്ലകളിൽ പച്ചക്കറി ശീതികരണശാലയുടെ നിർമ്മാണം

14. തദ്ദേശസ്വയംഭരണ വകുപ്പ്

(1) തിരുവനന്തപുരം നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കുക.

(2) തിരുവനന്തപുരം കോർപ്പറേഷനിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ.

LIBRARY ARCHIVES Kerala Legislative Assembly

15. തൊഴിൽ വകുപ്പ്

(1) 'ലേബർ അജണ്ട 2000' നടപ്പാക്കുവാൻ തീരുമാനിച്ചു.

(2) തൊഴിലാളികൾക്ക് അവശ്യഘട്ടങ്ങളിൽ ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കും.

(3) വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ ലേബർ കമ്മീഷൻ രൂപീകരിക്കും.

(4) പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കും

(5) തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും.

(6) തൊഴിലാളികളുടെ മക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ ലേബർ അക്കാഡമി സ്ഥാപിക്കുക.

(7) അന്തർദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ റിലേഷൻ ആന്റ് മാനേജ്മെന്റ് സ്ഥാപിക്കാൻ തീരുമാനിച്ചു.

(8) ഒരു ലേബർ അതോറിറ്റി രൂപീകരിക്കും.

(9) ഒരു ഇ.എസ്.ഐ. കോർപ്പറേഷൻ സംസ്ഥാനത്ത് മാത്രമായി രൂപീകരിക്കും.

(10) പൂട്ടിയിട്ട തൊഴിൽ ശാലകളിൽ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാൻ പ്രത്യേക പദ്ധതി നടപ്പാക്കും.

(11) സംസ്ഥാനതല ലേബർ കോൺഫറൻസ് സംഘടിപ്പിക്കും.

(12) ഒരു മെഡിക്കൽ റിലീഫ് ഫണ്ട് രൂപീകരിക്കുന്നതാണ്.

(13) 2000 മാണ്ട് തൊഴിൽ വർഷമായി ആചരിക്കുവാൻ തീരുമാനിച്ചു.

16. ആരോഗ്യവകുപ്പ്

(1) കോട്ടയത്ത് മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ഒരു ദന്തൽ കോളേജ്.

(2) ആലപ്പുഴയിലും, തൃശ്ശൂരും ഓരോ ലിംബ് ഫിറ്റിംഗ് സെന്ററുകൾ

(3) തൃശ്ശൂരിൽ ഒരു നഴ്സിംഗ് കോളേജ്.

(4) 10 താലൂക്ക് ആശുപത്രികളിൽ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്ന പരിപാടി.

(5) 25 പ്രാഥമിക കേന്ദ്രങ്ങൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തും.

LIBRARY ARCHIVES Kerala Legislative Assembly

(6) വാഹനാപകട സാധ്യതയുള്ള പ്രദേശങ്ങളിൽ നിലവിലുള്ള ആശുപത്രികളെ ട്രോമാകെയർ കേന്ദ്രങ്ങളോട് ബന്ധപ്പെട്ട് പ്രൈമറി റിസപ്ഷൻ കേന്ദ്രങ്ങളായി ഉയർത്തുന്നതാണ്.

17. കൃഷി (മൃഗസംരക്ഷണ വകുപ്പ്)

(1) മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൃത്രിമ ബീജ സങ്കലന യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചു.

(2) പഞ്ചായത്തുകൾ മുഖേന മൊബൈൽ കറവയന്ത്രസൗകര്യം നടപ്പിലാക്കി.

18. റവന്യൂ വകുപ്പ്

(1) ഒരു ലക്ഷം ഭൂരഹിത - ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിക്കും വീടിനും വായ്പ നൽകുന്നതിനായി 100 കോടിയുടെ ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി.

19. ഉന്നതവിദ്യാഭ്യാസം

(1) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എറണാകുളത്തും, ഇടുക്കിയിലും ഓരോ എൻജിനീയറിംഗ് കോളേജ്.

(2) കൊല്ലം, ആലപ്പുഴ, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഓരോ പോളിടെക്നിക്കുകൾ

(3) സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണം

20. പവർ ഡിപ്പാർട്ട്മെന്റ്

(1) മുണ്ടൂർ 33 കെ വി സബ് സ്റ്റേഷൻ

(2) മാവേലിക്കര 66 കെ വി സബ് സ്റ്റേഷൻ 110 കെ. വി.യായി ഉയർത്തുക

(3) പുന്നപ്ര 110 കെ വി സബ് സ്റ്റേഷൻ 220 കെ വി യായി ഉയർത്തുക

(4) കണ്ടനാട് 110 കെ വി സബ് സ്റ്റേഷൻ

(5) ഇളമക്കര-ഇടപ്പള്ളി 110 കെ വി സബ് സ്റ്റേഷൻ

(6) പുന്നയൂർക്കളം 110 കെ വി സബ് സ്റ്റേഷൻ

(7) പട്ടാമ്പി 33 കെ വി സബ് സ്റ്റേഷൻ

(8) ചൈനീസ് സാങ്കേതിക സഹകരണത്തോടെയുള്ള 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ

(9) മീൻവല്ലം ചെറുകിട വൈദ്യുതി പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

21. പൊതുമരാമത്ത് വകുപ്പ്

(1) ചെമ്പല്ലിക്കുണ്ട് പാലം, കണ്ണൂർ

(2) ആയിരംതെങ്ങുകാവു പാലം, കണ്ണൂർ

(3) അങ്ങാടിപ്പുറം പരിയാപുരം ചെറുകര റോഡ്, മലപ്പുറം

(4) പാലക്കാത്തോട് - കൂട്ടാവിൽ ഇളവൂർ റൂസ് ഫസ്റ്റ് റീച്ച്

(5) ത്വക്കിൽ ആലട്ടിറോഡ്, കാസർഗോഡ്

(6) ഷണ്മുഖം ക്രോസ്വേ, പാലക്കാട്

(7) കാരപ്പറമ്പ് ഗുണ്ടുപറമ്പു റോഡ്, കോഴിക്കോട്

(8) തങ്കമണി നീലിവയൽ റോഡ്

(9) അരയക്കാവുപാലം, കാസർഗോഡ്

(10) മിനി സിവിൽ സ്റ്റേഷൻ, പീരുമേട്

(11) മോഡൽ റസിഡൻഷ്യൽ സ്കൂൾ, മൂന്നാർ

(12) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ കെട്ടിടം, കോഴിക്കോട്

(13) മിനി സിവിൽ സ്റ്റേഷൻ, ചേലക്കര, തൃശ്ശൂർ

(14) പ്രീ മെട്രിക് ഹോസ്റ്റൽ, എരുമപ്പെട്ടി

22. ആഭ്യന്തര വകുപ്പ്

(1) പോലീസ് സ്റ്റേഷനുകളിൽ കേസ് അന്വേഷണം ത്വരിതപ്പെടുത്താൻ വേണ്ടി കൂടുതൽ അന്വേഷണ ഉദ്യോഗസ്ഥന്മാരെ ലഭ്യമാക്കുവാൻ ഹെഡ്കോൺസ്റ്റബിൾമാരുടേയും എ.എസ്.ഐ.മാരുടെയും തസ്തികകൾ പുനർ വിന്യാസം നടത്തി.

(2) പോലീസ് വകുപ്പിൽ ഇ-മെയിൽ സൗകര്യത്തോടുകൂടിയുള്ള ഇന്റർനെറ്റ് സംവിധാനം ആരംഭിച്ചു.

(3) ജില്ലാ പോലീസ് സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനു മുന്നോടിയായി എറണാകുളം ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളേയും കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്നതിനുള്ള പോലീസ് നെറ്റ് വർക്ക് പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(4) ഫ്ളയിംഗ് സ്കാഡ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി പരീക്ഷണാർത്ഥം ഫ്ളയിംഗ് സ്കാഡ് സ്വീകരിച്ച നടപടിയെപ്പറ്റി ആവലാതിക്കാരനെ അറിയിക്കാനും അഭിപ്രായം തേടാനുമുള്ള പദ്ധതി തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (2)

[ചോദ്യം 3(*3) (സി) യുടെ ഉത്തരത്തിൽ പറയുന്ന അനുബന്ധം ബി]

1. പൊതുഭരണ (ടൂറിസം വകുപ്പ്)
   - (1) ബീച്ച് റിസോർട്ട്, പരവൂർ
   - (2) യാത്രി നിവാസ്, ചങ്ങനാശ്ശേരി
   - (3) യാത്രി നിവാസ്, മലയാറ്റൂർ
   - (4) ടൂറിസ്റ്റ് റിസോർട്ട്, ആതിരപ്പിള്ളി
   - (5) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, പൊന്മുടി
   - (6) സൂര്യകാന്തി ഉത്സവനഗരി, കനകക്കുന്ന്
2. വ്യവസായ വകുപ്പ്

   വ്യവസായത്തിനുള്ള ഏകജാലക പദ്ധതി
3. പൊതുവിദ്യാഭ്യാസം
   - (1) 50 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച എസ്.എം.വി.സ്കൂളിന്റെ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം
4. മത്സ്യബന്ധനം
   - (1) മത്സ്യഫെഡ് തിരുമുല്ലവാരം ഹാച്ചറി
   - (2) പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ
   - (3) ഫിഷറീസ് റോഡുകൾ
   - (4) മത്സ്യഭവനുകൾ
   - (5) ആലപ്പാട് ഫിഷറീസ് സ്കൂളും ഹോസ്റ്റലും
5. 'സാമൂഹ്യക്ഷേമം
   - (1) കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിനുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിടം
   - (2) തിരുവനന്തപുരത്തെ ആശാഭവൻ 23-6-2000-ൽ ഉത്ഘാടനം നടത്തുന്നതാണ്.
   - (3) കണ്ണൂർ ജില്ലയിൽ പുഴാതി വില്ലേജിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
   - (4) കോട്ടയം, കാസർഗോഡ്, തലശ്ശേരി എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ സെന്ററുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(5) പാലക്കാട് ജില്ലയിൽ ഇലക്ട്രോണിക് അസംബ്ലിംഗ് പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ

(6) ആലപ്പുഴ ജില്ലയിൽ ക്രാഫ്റ്റ് ആന്റ് ഫിനിഷിംഗ് വർക്ക്സ് പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ

(7) കൊല്ലം ജില്ലയിൽ കുണ്ടറയിൽ ഹോസിയറി ആന്റ് നിറ്റിംഗ് പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ

6. ഭവനനിർമ്മാണം ബോർഡ്

(1) കഴക്കൂട്ടത്ത് 1.25 കോടി രൂപ ചെലവിൽ നിർമ്മിച്ച മോഡൽ ഫ്ളോറി കൾച്ചർ സെന്റർ

(2) വർക്കല മുനിസിപ്പാലിറ്റിക്കുവേണ്ടി 17 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച എക്സ്റേ യൂണിറ്റും അത്യാഹിത വിഭാഗവും

(3) 9 ലക്ഷം രൂപ ചെലവിൽ പാലക്കാട് പ്രൊഡക്ഷൻ സെന്റർ

(4) ഇലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ആഫീസ് കെട്ടിടം

7. പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്

(1) വയനാട് ജില്ലയിലെ കാട്ടികുളം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം ഉദ്ഘാടനം

(2) ഇടുക്കി ജില്ലയിലെ തൊടുപുഴയിലും മൂന്നാറിലും പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി പൂർത്തിയായി.

(3) വയനാട് ജില്ലയിലെ വേലിയംപ്രം ഹോസ്റ്റൽ കെട്ടിടം പണി പൂർത്തിയാക്കി.

(4) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള പ്രിയദർശിനി പാം മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റലുകളുടെ പണി പൂർത്തിയാക്കി.

(5) പന്തളം ഐ.റ്റി.സി.കെട്ടിടം പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു.

(6) ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം ഉദ്ഘാടനം ചെയ്തു

(7) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം ഉദ്ഘാടനം ചെയ്തു.

(8) തൃശ്ശൂർ ജില്ലയിലെ കാട്ടുകമ്പാൽ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം പണി പൂർത്തിയാക്കി.

(9) ഇടുക്കി ഹെൽത്ത് പ്രോജക്ടിൽ ഒ.പി.ക്ലീനിക് ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(10) സംസ്ഥാന പട്ടികജാതി- പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ആഫീസുകൾ കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ആരംഭിച്ചു.

(11) കോർപ്പറേഷൻ താഴെപറയുന്ന പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തുടങ്ങി.

കേരളത്തിന് പുറത്ത് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകാനുള്ള പദ്ധതി

(12) സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷന്റെ ആഫീസുകൾ കാസർഗോഡ്, കോട്ടയം ജില്ലകളിൽ ഉദ്ഘാടനം ചെയ്തു.

(13) സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ താഴെപറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ തുടങ്ങി

(1) പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് വീട് വയ്ക്കാൻ ഭൂമിവാങ്ങുന്നതിനുള്ള വായ്പാ പദ്ധതി

(2) പിന്നോക്ക വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് ഇന്റർനെറ്റ് കഫെ തുടങ്ങുന്നതിനുള്ള പദ്ധതി നടപ്പിലാക്കി തുടങ്ങി

(3) പിന്നോക്ക-ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് തങ്ങൾക്കിഷ്ടമുള്ള സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിന് 50000 (അൻപതിനായിരം) രൂപ വരെ വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കി തുടങ്ങി

8. വനം - വന്യജീവി വകുപ്പ്

(1) വനലക്ഷ്മി എന്ന ഹെഡ്കാർട്ടേഴ്സ് മന്ദിരം

9. ഗതാഗത വകുപ്പ്

(1) പൂവാർ, കിളിമാനൂർ സബ് ഡിപ്പോകളുടെ ഉത്ഘാടനം

(2) ടൗൺ ടു ടൗൺ സർവ്വീസുകളുടെ ഉദ്ഘാടനം

10. ജലസേചനം

(1) എറണാകുളം ജില്ലയിലെ കുറുമാശ്ശേരിയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം.

(2) എറണാകുളം ജില്ലയിലെ പട്ടണം -മച്ചൻ തുരുത്തിലെ സ്ലൂയിസ്

11. പൊതുമരാമത്ത് വകുപ്പ്

(1) പട്ടം പ്ലാമൂട് പാലം

(2) എറണാകുളം ജില്ലയിലെ ഗോത്തുരുത്തു പാലം

LIBRARY ARCHIVES Kerala Legislative Assembly

12. സഹകരണ വകുപ്പ്

(1) റെയ്കോയുടെ ആഭിമുഖ്യത്തിലുള്ള കറിപൗഡർ യൂണിറ്റും, മിനറൽ വാട്ടർ യൂണിറ്റും.

(2) നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ ക്രെഡിറ്റ് കാർഡ് വിതരണം.

13. കൃഷിവകുപ്പ്

(1) സംസ്ഥാന വിത്ത് വികസന അതോറിറ്റി രൂപീകരണം

(2) കർഷക രക്ഷാ പദ്ധതികളുടെ പോളിസി വിതരണം

14. തദ്ദേശസ്വയംഭരണം

(1) തിരുവനന്തപുരം നഗരസഭ ചാല ബോയ്സ് ഹൈസ്കൂളിനായി നിർമ്മിച്ച ഇരുനില കെട്ടിടം ഉദ്ഘാടനം ചെയ്തു.

(2) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ച 175 വീടുകളുടെ താക്കോൽ ദാന കർമ്മം

(3) പട്ടം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിനു പുതിയതായി നിർമ്മിച്ച മൂന്നുനില മന്ദിരത്തിന്റെ ഉദ്ഘാടനം

(4) തിരുവനന്തപുരം കോർപ്പറേഷൻ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ

15. ജലസേചനം

(1) ഇട്ടിക്കുളം ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ

(2) പുല്ലാലയിൽ കുമഞ്ചേരി കുറയിൽ ശുദ്ധജല പദ്ധതി, മലപ്പുറം

(3) അയ്യങ്കാകുളം ശുദ്ധജല വിതരണ പദ്ധതി, കാസർഗോഡ്

(4) പന്നിയംകോട്മല ശുദ്ധജല വിതരണ പദ്ധതി, കോഴിക്കോട്

(5) പൂതേരിപ്പാറ ശുദ്ധജല വിതരണ പദ്ധതി, കോഴിക്കോട്

(6) പുറക്കാമല ശുദ്ധജലവിതരണ പദ്ധതി, കോഴിക്കോട്

(7) കണ്ണംകയിൽ മീത്തൽ കുന്ന് ശുദ്ധജല വിതരണ പദ്ധതി, കോഴിക്കോട്

(8) കൊയ്യാൽകുന്ന് ശുദ്ധജല വിതരണ പദ്ധതി, കോഴിക്കോട്

(9) പൊന്നംകുളം മിനി ശുദ്ധജല വിതരണ പദ്ധതി, പാലക്കാട്.

(10) ഗോവിന്ദപുരം അംബേദ്കർ കോളനി ശുദ്ധജല വിതരണ പദ്ധതി, പാലക്കാട്

LIBRARY ARCHIVES Kerala Legislative Assembly

(11) മുട്ടിമാംപള്ളം ശുദ്ധജല വിതരണ പദ്ധതി, പാലക്കാട്.

(12) വേലൻ താവളം ശുദ്ധജല വിതരണ പദ്ധതി, പാലക്കാട്

(13) വേങ്ങൂർ ശുദ്ധജല വിതരണ പദ്ധതി, എറണാകുളം

(14) കോട്ടപ്പടി ശുദ്ധജല വിതരണ പദ്ധതി, എറണാകുളം

(15) കരിംപൺമണിപ്പാറ ശുദ്ധജല വിതരണ പദ്ധതി, ഇടുക്കി

16. ഉന്നത വിദ്യാഭ്യാസം

1999-2000 അധ്യായന വർഷം ആരംഭിച്ച വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ സർക്കാർ എൻജിനീയറിംഗ് കോളേജുകളുടെയും നെടുങ്കണ്ടം, നെടുമങ്ങാട്, മേപ്പാടി, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിൽ ആരംഭിച്ച പോളിടെക്നിക്കുകളുടെയും ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

17. വൈദ്യുതി

(1) പാറശ്ശാല (തിരുവനന്തപുരം) 110 കെ.വി.സബ്സ്റ്റേഷൻ

(2) കൂറ്റനാട് (പാലക്കാട്) 110 കെ വി സബ്സ്റ്റേഷൻ

(3) മല്ലപ്പള്ളി (പത്തനംതിട്ട) 110 കെ വി സബ്സ്റ്റേഷൻ

(4) മാട്ടുപ്പെട്ടി-മൂന്നാർ ഹൈഡൽ ടൂറിസം പദ്ധതി

(5) കോഴിക്കോട് മാസ്റ്റർ പ്ലാൻ പദ്ധതി

18. പൊതുമരാമത്ത് വകുപ്പ്

(1) പൂമ്പാറ കക്കാടം പൊയിൽ വാളാംതോട് റോഡ് (കോഴിക്കോട്)

(2) മുന്നോട് പാലം (കാസർഗോഡ്)

(3) ചട്ടളപാലം (കാസർഗോഡ്)

(4) അദൂർ പാലം (കാസർഗോഡ്)

(5) ചീമേനി പാലം വയൽ ഓടക്കൊല്ലിറോഡ് (കാസർഗോഡ്)

(6) തോവാളത്തോട് പാലം (ഇടുക്കി)

(7) പുതുപരിയാരം പുതക്കാവ് റോഡ് (ഇടുക്കി)

(8) നടപ്പാലം കാഞ്ഞിരപ്പള്ളി (കോട്ടയം)

(9) ഈരാറ്റുപേട്ട-പൂഞ്ഞാർ റോഡ് (കോട്ടയം)

LIBRARY ARCHIVES Kerala Legislative Assembly

(10) റസ്റ്റ് ഹൗസ് അനക്സ് -തൊടുപുഴ (ഇടുക്കി)

(11) കോഴിക്കോട് വില്പ്പന നികുതി ആഫീസിന് വേണ്ടിയുള്ള കെട്ടിട സമുച്ചയം (കോഴിക്കോട്)

(12) താമരശ്ശേരി കോടതിക്ക് വേണ്ടിയുള്ള കെട്ടിടവും അതിനോട് അനുബന്ധിച്ചുള്ള രണ്ട് ക്വാർട്ടേഴ്സുകളും (കോഴിക്കോട്)

(13) മിനി സിവിൽ സ്റ്റേഷൻ (ആലപ്പുഴ)

(14) സബ്ട്രഷറി-മങ്കൊമ്പ് (ആലപ്പുഴ)

(15) കണ്ണാശുപത്രിയിൽ ഓപ്പറേഷൻ കോംപ്ലക്സ് (ആലപ്പുഴ)

(16) മ്യൂസിയം ആശുപത്രി കെട്ടിടം - തിരുവനന്തപുരം

(17) ആർ.ഡി.ഒ ആഫീസ് കെട്ടിടം - കിഴക്കേകോട്ട, തിരുവനന്തപുരം

(18) ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ - കരുനാഗപ്പള്ളി, കൊല്ലം

19. ആഭ്യന്തരം

(1) തൃശ്ശൂർ എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ വിയ്യൂർ സെൻട്രൽ ജയിലിലെ പവർലൂം യൂണിറ്റ്

(2) പാലക്കാട് ആലത്തൂർ ഫയർ സ്റ്റേഷൻ

(3) കോഴിക്കോട് ജില്ലാ ജയിലിലെ മില്ലേനിയം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്.

അനുബന്ധം I (3)

[ചോദ്യം 3 (*3) (ഡി) യുടെ ഉത്തരത്തിൽ പറയുന്ന അനുബന്ധം സി]

1. പൊതുഭരണ (ടൂറിസം വകുപ്പ്)

(1) തിരുവനന്തപുരം ജില്ല - ശംഖുമുഖം പാർക്ക്

(2) കോഴിക്കോട് - തുഷാര ഗിരിവാട്ടർ ഫാൾസ്

(3) മലപ്പുറം ജില്ല - ഇൻഫർമേഷൻ സെന്റർ

(4) കണ്ണൂർ ജില്ല - മുഴുപ്പിലങ്ങാട് ബീച്ച് പയ്യാമ്പലം ബീച്ച് എന്നിവയുടെ സമഗ്ര വികസനം

LIBRARY ARCHIVES Kerala Legislative Assembly

2. മത്സ്യബന്ധനം

(1)	തിരുവനന്തപുരം ജില്ല	- മൂന്ന് ഫിഷിംഗ് റോഡുകൾ
(2)	കൊല്ലം ജില്ല	- തിരുമുല്ലവാരം ഹാച്ചറി, ആലപ്പാട് ഫിഷറീസ് ഹൈസ്കൂൾ ഹോസ്റ്റൽ, കുണ്ടറ ശുദ്ധജല വിതരണ പദ്ധതി, ആലപ്പാട് മത്സ്യഭവൻ, ആലപ്പാട് ഫിഷറീസ് റോഡ്
(3)	ആലപ്പുഴ	- പുന്നപ്ര ഫിഷ്ലാന്റിംഗ് സെന്റർ, മാന്നാർ മത്സ്യഭവൻ, തൃക്കുന്നപ്പുഴ ഫിഷറീസ് റോഡ്
(4)	എറണാകുളം	- മുനമ്പം ഹാർബർ
(5)	തൃശ്ശൂർ	- ചാവക്കാട് മത്സ്യഭവൻ
(6)	കണ്ണൂർ	- തലശ്ശേരി മത്സ്യ ഭവൻ, ധർമ്മടം വാട്ടർ സപ്ലൈ സ്കീം
(7)	കാസർഗോഡ്	- 2 ഫിഷറീസ് റോഡുകൾ

3. സാമൂഹ്യക്ഷേമം

(1)	കോഴിക്കോട്	- വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ
(2)	തിരുവനന്തപുരം	- ആശാഭവൻ
(3)	കാസർഗോഡ്	- ഒബ്സർവേഷൻ ഹോം നിർമ്മാണം
(4)	കണ്ണൂർ	- വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
(5)	കോട്ടയം	- കമ്പ്യൂട്ടർ സെന്റർ
(6)	ആലപ്പുഴ	- ക്രാഫ്റ്റ് ആന്റ് ഫിനിഷിംഗ്, വർക്ക്സ് പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ
(7)	കൊല്ലം	- ഹോസിയറി ആന്റ് നിറ്റിംഗ് പ്രോഡക്ട് കം ട്രെയിനിംഗ് സെന്റർ
(8)	പാലക്കാട്	- ഇലക് ട്രോണിക് അസംബ്ലിംഗ് പ്രൊഡക്ഷൻ സെന്റർ

ഇവ കൂടാതെ തിരുവനന്തപുരം വികലാംഗ ക്ഷേമ കോർപ്പറേഷന്റെ കീഴിൽ സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള ഒരു കേന്ദ്രം ഉടൻതന്നെ ഉദ്ഘാടനം ചെയ്യുന്നതാണ്.

4. ഭവനനിർമ്മാണ വകുപ്പ്

ഭവന നിർമ്മാണ വകുപ്പിന്റെ ഭൂമൈത്രി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 31.5.2000-ൽ നടത്തുകയുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

5. പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്

(1) ഇടുക്കി - ഹെൽത്ത് പ്രോജക്ട് ഒ.പി. ക്ലിനിക്ക് ആരംഭിച്ചു. തൊടുപുഴയിലും മൂന്നാറിലും പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി പൂർത്തിയായി.

ഉടുമ്പന്നൂർ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ആഫീസ് ആരംഭിച്ചു.

(2) പത്തനംതിട്ട - പന്തളത്ത് ഐ.റ്റി.സി. കെട്ടിടം നിർമ്മിച്ചു

(3) വയനാട് - കാട്ടിക്കുളത്ത് പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മിച്ചു.

വയനാട് ജില്ലയിലെ വേലിയംപ്രം ഹോസ്റ്റൽ കെട്ടിടം പണി പൂർത്തിയാക്കി.

(4) തിരുവനന്തപുരം - മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള പ്രിയദർശിനി പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റലുകളുടെ പണി പൂർത്തിയാക്കി.

(5) തൃശ്ശൂർ - എരുമപ്പെട്ടി പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം ഉൽഘാടനം ചെയ്തു

കാട്ടുകംപാൽ പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിടം പണി പൂർത്തിയാക്കി.

(6) കാസർഗോഡ് - സംസ്ഥാന പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്റെ ആഫീസ് ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

		- സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷന്റെ ആഫീസ് ഉദ്ഘാടനം ചെയ്തു.
	(7) കോട്ടയം	- സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷന്റെ ആഫീസ് ഉദ്ഘാടനം ചെയ്തു
6.	ഗതാഗത വകുപ്പ്	
	(1) തിരുവനന്തപുരം	- പൂവാർ, കിളിമാനൂർ സബ് ഡിപ്പോകൾ ഡിപ്പോകളാക്കി ഉയർത്തി.
		കണ്ണൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കോട്ടയം ജില്ലകളിലായി ടൗൺ ടു ടൗൺ സർവ്വീസുകൾ തുടങ്ങി
7.	പൊതുമരാമത്തു വകുപ്പ്	
	(1) ഇടുക്കി ജില്ല	- മധുര കൊച്ചി കാരിയേജ് വേയുടെ പുനരുദ്ധാരണവും വീതികൂട്ടലും
	(2) മലപ്പുറം ജില്ല	- കുറ്റിപ്പുറം- പുതുപ്പൊന്നാനി പുതിയ റോഡ് നിർമ്മാണം
	(3) എറണാകുളം	- ഗോതുരുത്തു പാലം പണി
	(4) തിരുവനന്തപുരം	- 1. ബൈപാസ് റോഡ് നിർമ്മാണം 2. പട്ടം-പ്ലാമൂട് പാലം പണി
8.	സഹകരണവകുപ്പ്	
	(1) തിരുവനന്തപുരം	- 1. മിത്രമല സർവ്വീസ് ബാങ്കിന്റെ കല്ലറ ബ്രാഞ്ചിന്റെ ഉദ്ഘാടനം 2. ആര്യനാട് സർവ്വീസ് ബാങ്കിന്റെ പ്രഭാത സായാഹ്ന ശാഖയുടെ ഉദ്ഘാടനം 3. നന്ദിയോട് പട്ടികജാതി/പട്ടിക വർഗ്ഗ സംഘം ആഫീസ് മന്ദിരത്തിന്റെ ശിലാസ്ഥാപനം
	(2) കോട്ടയം ജില്ല	- സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ച 'കഥയുടെ നൂറ്റാണ്ട്' എന്ന പുസ്തകത്തിന്റെ പ്രകാശനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(3) ഇടുക്കി ജില്ല
1. പൊട്ടൻകാട് സർവ്വീസ് ബാങ്കിന്റെ ബ്രാഞ്ച് കെട്ടിടത്തിന്റെ ഉദ്ഘാടനം
2. നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ കിസാൻ ക്രെഡിറ്റ് കാർഡ് വിതരണ ഉദ്ഘാടനം
3. അനിക്കുഴ സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിടം ഉദ്ഘാടനം

(4) കണ്ണൂർ ജില്ല- റെയ്ഡ്കോയുടെ കറിപൗഡർ യൂണിറ്റിന്റേയും മിനറൽ വാട്ടറിന്റേയും ഉദ്ഘാടനം

9. കൃഷിവകുപ്പ്

(1) തൃശ്ശൂർ ജില്ല - വിത്തു വികസന അതോറിറ്റി ആരംഭിക്കൽ

(2) എറണാകുളം - പച്ചക്കറി ശീതീകരണ ശാല, കർഷകരക്ഷാ പോളിസി വിതരണം

(3) ആലപ്പുഴ - കർഷക രക്ഷാ പോളിസി വിതരണം

(4 മലപ്പുറം - കർഷക രക്ഷാ പോളിസി വിതരണം

(5) വയനാട് - പച്ചക്കറി ശീതീകരണ ശാല, കർഷകരക്ഷാ പോളിസി വിതരണം

10. തദ്ദേശസ്വയംഭരണ വകുപ്പ്

(1) തിരുവനന്തപുരം - എസ്.എം.വി, ചാല ബോയ്സ്, പട്ടം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും ഉദ്ഘാടനവും നിർവ്വഹിക്കുകയുണ്ടായി.

11. തൊഴിൽ വകുപ്പ്

- സംസ്ഥാനത്ത് ഇദം പ്രഥമമായി മേയ് ദിനം ജില്ലാടിസ്ഥാനത്തിൽ ആഘോഷിക്കുവാൻ കഴിഞ്ഞു.

12. ജലസേചനം (ശുദ്ധജലവിതരണം)

തിരുവനന്തപുരം - 1. ശബരിമുട്ടം മിനിവാട്ടർ സപ്ലൈ സ്കീം

		2. തൃക്കണ്ണാപുരം ശുദ്ധജലപദ്ധതിയുടെ ശിലാസ്ഥാപനം
	കോട്ടയം	- 1. പൂഞ്ഞാർ ചെക്ക് ഡാം
		2. ഈരാറ്റുപേട്ട ചെക്ക് ഡാം
	എറണാകുളം	- 1. പട്ടണം-മാച്ചൻ തുരുത്ത് സ്ലൂയിസ്-കം- ബ്രിഡ്ജ്
		2. കുറുമാശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
13.	ഉന്നതവിദ്യാഭ്യാസം	1999-2000 അധ്യയന വർഷത്തിൽ വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ആരംഭിച്ച സർക്കാർ എൻജിനീയറിംഗ് കോളേജുകളുടെ ഉദ്ഘാടനവും, ഇടുക്കി, തിരുവനന്തപുരം, വയനാട്, കോട്ടയം ജില്ലകളിൽ ആരംഭിച്ച പുതിയ പോളിടെക്നിക്കുകളുടെ ഉദ്ഘാടനവും നിർവ്വഹിക്കുകയുണ്ടായി
14.	പവർ	
	(1) തിരുവനന്തപുരം	- പാറശ്ശാല 110 കെ വി സബ്സ്റ്റേഷൻ
	(2) പാലക്കാട്	- 110 കെ വി സബ്സ്റ്റേഷൻ
	(3) പത്തനംതിട്ട	- മല്ലപ്പള്ളി 110 കെ വി സബ്സ്റ്റേഷൻ
	(4) ഇടുക്കി	- മാട്ടുപ്പെട്ടി-മൂന്നാർ ഹൈഡൽ ടൂറിസം പദ്ധതി
	(5) കോഴിക്കോട്	- മാസ്റ്റർ പ്ലാൻ പദ്ധതി
15.	പൊതുമരാമത്തു വകുപ്പ്	
	(1) കോഴിക്കോട്	- പൂമ്പാറ കക്കാടം പൊയിൽ വാളാംതോട് റോഡ്
		- വിൽപ്പന നികുതി ആഫീസിനു വേണ്ടിയുള്ള കെട്ടിട സമുച്ചയം
		- താമരശ്ശേരി കോടതിക്ക് വേണ്ടിയുള്ള കെട്ടിടവും അതിനോട് അനുബന്ധിച്ച രണ്ടു ക്വാർട്ടേഴ്സുകളും

LIBRARY ARCHIVES Kerala Legislative Assembly

(2) കാസർഗോഡ് - മുന്നോട്ട്പാലം

- പട്ടളപാലം

- അദൂർപാലം

- ചീമേനി പാലവയൽ ഓടക്കൊല്ലി റോഡ്

(3) ഇടുക്കി - തോവാളത്തോട് പാലം

- പുതുപരിയാരം പൂതക്കാവ് റോഡ്

- റസ്റ്റ് ഹൗസ് അനക്സ് തൊടുപുഴ

(4) കോട്ടയം - നടപ്പാലം (കാഞ്ഞിരപ്പള്ളി)

- ഈരാറ്റുപേട്ട, പൂഞ്ഞാർ റോഡ്

(5) ആലപ്പുഴ - മിനി സിവിൽസ്റ്റേഷൻ, മാവേലിക്കര

കണ്ണാശുപത്രിയിൽ ഓപ്പറേഷൻ കോംപ്ലക്സ്

(6) തിരുവനന്തപുരം - മ്യൂസിയം മൃഗാശുപത്രി കെട്ടിടം

ആർ.ഡി.ഒ.ആഫീസ് കിഴക്കേകോട്ട

(7) കൊല്ലം - ഫിഷറീസ് ടെക്നിക്കൽ സ്കൂൾ, കൊല്ലം

16. ആഭ്യന്തരം

(1) തൃശ്ശൂർ - എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ

- വിയ്യൂർ സെൻട്രൽ ജയിലിലെ പവർലൂം യൂണിറ്റ്

(2) പാലക്കാട് - ആലത്തൂർ പോലീസ് സ്റ്റേഷൻ

(3) കോഴിക്കോട് - കോഴിക്കോട് ജില്ലാ ജയിലിലെ മില്ലേനിയം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

LIBRARY ARCHIVES Kerala Legislative Assembly